പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 117** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂളുകളിൽ വന്ദേമാതരം ആലപിക്കണമെന്ന നിർദ്ദേശം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. വി. ജോയി

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. എം. വിജിൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** 2026-ലെ സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ വന്ദേമാതരം ആലപിക്കണമെന്ന നിർദ്ദേശം പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിരുന്നോ; എങ്കിൽ നിർദ്ദേശം നൽകിയതാരാണെന്നും എന്നാണെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. ചീഫ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് നം.30/CS/2026/CSO തീയതി. 06/08/2026 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത നിർദ്ദേശം ലോക്ഭവനിൽ നിന്നാണ് ലഭിച്ചതെന്ന് വകുപ്പ് മന്ത്രി പൊതുവേദിയിൽ പറഞ്ഞിരുന്നോ; എങ്കിൽ അതിന് അടിസ്ഥാനമായ ഔദ്യോഗിക രേഖ ഏതാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇല്ല. പത്രക്കാരുടെ ചോദ്യത്തിന് ഉത്തരമായി പ്രസ്തുത നിർദ്ദേശം ലോക് ഭവൻ വഴിയാണ് വന്നതെന്ന് തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരത്തിൽ അത്തരമൊരു പരാമർശം ഉണ്ടായത്.

**(സി)** വന്ദേമാതരം ആലപിക്കണമെന്നോ പൂർണ്ണരൂപത്തിൽ ആലപിക്കണമെന്നോ ലോക്ഭവനിൽ നിന്ന് സംസ്ഥാന സർക്കാരിനോ പൊതുവിദ്യാഭ്യാസ വകുപ്പിനോ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ലെന്ന് ലോക്ഭവൻ പിന്നീട് വ്യക്തമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വകുപ്പ് മന്ത്രി പ്രസ്താവന നടത്താൻ ഇടയായതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** ഇക്കാര്യത്തിൽ കേന്ദ്ര സാംസ്കാരിക മന്ത്രാലയം /കേന്ദ്ര സർക്കാർ നൽകിയ നിർദ്ദേശം എന്തായിരുന്നു; സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സർക്കുലറിൽ അതിൽ നിന്ന് വ്യത്യസ്തമായ എന്തെങ്കിലും നിർദ്ദേശം ഉൾപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ 14.07.2026 ലെ D.O. No. 42-22/119/2022-AKAM(Pt .II) നമ്പർ അർദ്ധ ഔദ്യോഗിക കത്തിന്റെ അടിസ്ഥാനത്തിൽ 06.08.2026 ലെ ചീഫ് സെക്രട്ടറിയുടെ

30/CS/2026/CSO നമ്പർ അർദ്ധ ഔദ്യോഗിക കത്തിൽ വന്ദേമാതരം പൂർണ്ണ രൂപത്തിൽ ആലപിക്കണമെന്ന് വ്യക്തമാക്കിയതായി കാണുന്നു. സ്കൂളുകളിൽ വന്ദേമാതരം ആലപിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല എന്ന് സംസ്ഥാന സാംസ്കാരിക വകുപ്പ് അറിയിച്ചിട്ടുണ്ട്.

**(ഇ)** 2026 ആഗസ്റ്റ് 6-ന് ചീഫ് സെക്രട്ടറി പുറത്തിറക്കിയ സർക്കുലറിൽ വന്ദേമാതരം ആലപിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശം പിന്നീട് തിരുത്തുകയോ പിൻവലിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ തീയതിയും കാരണവും വ്യക്തമാക്കുമോ; 2026 ആഗസ്റ്റ് 14 -ന് പുറത്തിറക്കിയ, വകുപ്പിന്റെ പുതിയ സർക്കുലറിൽ സ്കൂളുകളിൽ വന്ദേമാതരം നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2026 ആഗസ്റ്റ് 14-ന് ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ വകുപ്പ് സർക്കുലർ നൽകിയിട്ടില്ല.

**(എഫ്)** വന്ദേമാതരം ആലപിക്കുന്നതുമായി ബന്ധപ്പെട്ട തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സർക്കുലർ/നിർദ്ദേശം പുറത്തിറങ്ങിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ?

**<u>മറുപടി:</u>** പൊതു വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച 11/08/2026 ലെ M4/13849/2026/DGE/LDis നമ്പർ സർക്കുലറിൽ വന്ദേമാതരം ആലപിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം ഉൾപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**